LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് അവിവാഹിതരായ 400 ആദിവാസി അമ്മമാരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) അവിവാഹിതരായ ആദിവാസി അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമം ലക്ഷ്യമാക്കി ഭൂമി, വീട് എന്നിവ നൽകുന്നതുൾപ്പെടെയുള്ള പുനഃരധിവാസ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇവരിൽ കുറച്ചുപേരെ മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടത്തിൽ പുനഃരധിവസിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ ഈ വിഭാഗത്തിന് മുൻഗണന നൽകിവരുന്നുണ്ട്.

(സി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ കുട്ടികളുടെ പിതാക്കന്മാരെ കണ്ടെത്തുന്നതിന് DNA ടെസ്റ്റ് തുടങ്ങിയ ആധുനിക ശാസ്ത്രീയ പരിശോധനകൾ ഉൾപ്പെടെയുള്ള നടപടികൾ എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ആദിവാസികളെ സഹായിക്കുന്നതിനുള്ള പദ്ധതി

116 [1802] ശ്രീ. എൻ. ശക്തൻ:
„ എൻ. ഡി. അപ്പച്ചൻ:
„ കെ. എ. ചന്ദ്രൻ:
„ ജോർജ്ജ് ജെ. മാത്യു:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തുന്ന എത്ര പേരുണ്ട്;

(ബി) കച്ചവടം നടത്തി ഉപജീവനം നടത്തുന്ന എത്ര ആദിവാസികൾ ഉണ്ട്;

(സി) വാണിജ്യവ്യവസായം, കച്ചവടം എന്നിവ നടത്തുന്നതിന് ആദിവാസികളെ സഹായിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതി അനുസരിച്ച് ഇതുവരെ എത്ര പേർക്ക് സഹായം നൽകി;

(ഇ) അവർ സ്വയം പര്യാപ്തത നേടിയോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസികളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തുന്നവർ വളരെ പരിമിതമാണ്. എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഉണ്ട്. ചെറിയ കച്ചവടം, സ്വയംതൊഴിൽ എന്നിവ ചെയ്യുന്നതിന് പട്ടികവർഗ്ഗക്കാർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നു.

(ഡി) ചെറിയ കച്ചവടം, സ്വയം തൊഴിൽ എന്നിവ ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയിൽ ഇതുവരെ 113 പട്ടികവർഗ്ഗക്കാർക്ക് 10,000 രൂപ വീതം നൽകിയിട്ടുണ്ട്.

(ഇ) സ്വയം പര്യാപ്തത നേടിയിട്ടുള്ളവർ വളരെ വിരളമാണ്.

ആദിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുവാൻ നടപടി

117 [1803] ശ്രീ. ജോർജ്ജ് ജെ. മാത്യു:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പി. ജെ. ജോയി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളും ആദിവാസികളുമുണ്ട്;

(ബി) ഇവരിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ എത്ര പേരുണ്ട്;

(സി) ആദിവാസികൾ താമസിക്കുന്ന എത്ര സെറ്റിൽമെന്റുകളുണ്ട്;

(ഡി) ഈ സെറ്റിൽമെന്റുകളുടെ ഉടമസ്ഥത അവിടെ താമസിക്കുന്ന ആദിവാസികൾക്കുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആദിവാസികൾ താമസിക്കുന്ന സെറ്റിൽമെന്റുകളിൽ ഓരോ കുടുംബത്തിന്റേയും കൈവശമുള്ള ഭൂമി അവരുടെ പേരിൽ പതിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly